പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3025 **29-10-2026-ൽ മറുപടിയ്ക്ക്**

സ്കൂൾ കായികമേള കുറ്റമറ്റതാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. വർഗീസ് മാമ്മൻ	ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. റെജി ചെറിയാൻ	(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സ്കൂൾ കായികമേളയുടെ വിവിധ തലങ്ങളിലെ നടത്തിപ്പ് കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

മറുപടി: യോഗ്യരായ കായികാധ്യാപകരുടെ സേവനം ഉറപ്പാക്കിയാണ് സ്കൂൾതലം മുതൽ സംസ്ഥാന തലം വരെ കായിക മേളകൾ നടത്തി വരുന്നത്. മേളകളുടെ നടത്തിപ്പിന് സംഘാടക സമിതി രൂപീകരിക്കുകയും അതിൻ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വിവിധ കമ്മിറ്റികൾക്ക് മേളയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങളും ചുമതലകളും നൽകുകയും ചെയ്തിട്ടുണ്ട്. കായികമേളയുടെ മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള നടപടികളെല്ലാം മേളയുടെ കാര്യക്ഷമമായ നടത്തിപ്പിന് സ്വീകരിച്ച് വരുന്നുണ്ട്. ഈ മേഖലയിൽ ലഭ്യമായ സാങ്കേതിക സൗകര്യങ്ങളും ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നടക്കം കുട്ടികളെ പ്രായം കുറച്ചു കാട്ടി കായികമേളയിൽ പങ്കെടുപ്പിക്കുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ വർഷം സ്വീകരിച്ച മുൻകരുതലുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായി ആധാർ വാലിഡേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ;

മറുപടി: ആധാർ വാലിഡേഷൻ അടിസ്ഥാനമാക്കിയാണ് കുട്ടികളുടെ പ്രായപരിധി നിശ്ചയിക്കുന്നത്. ആധാർ വാലിഡേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

(സി) വ്യാജ ജനനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആധാർ നേടിയവരെ ഈ വിധം കണ്ടെത്താനാവില്ലെന്നിരിക്കെ ഇത്തരം പരാതികളിൽ വൈദ്യ പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ആധാർ, ജനന സർട്ടിഫിക്കറ്റ് എന്നിവയുടെ വെരിഫിക്കേഷന് ശേഷവും സംശയമുള്ള പക്ഷം ബോൺ ടെസ്റ്റ് നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രായത്തട്ടിപ്പിന് സഹായമേകുന്ന സ്കൂൾ അധികൃതർക്കും കായികാധ്യാപകർക്കുമെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>മറുപടി:</u> വകുപ്പുതല അന്വേഷണം നടത്തുകയും, വീഴ്ച ഉണ്ടെന്ന് അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ